## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3283 — 10.12.2018-ൽ മറുപടിയ്ക്ക്

### ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിനായി പഠനം

| ചോദ്യം : | മറുപടി : |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കാൻ ആലോചിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിലാണ് ന്യായവില പുതുക്കി നിശ്ചയിക്കുന്നത്; | (ബി) 14/08/2018 തീയതിയിലെ സ.ഉ (കൈ) 302/2018/റവ നമ്പർ സർക്കാർ ഉത്തരവിൽ വിശദമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നത്. |
| (സി) ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) പഠനം നടത്തിയിട്ടുണ്ട്. 09/04/2015 ലെ ജി.ഒ (ആർ.ടി) 3598/15/ആർ.ഡി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ന്യായവില പുനർ നിർണ്ണയം ചെയ്യുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും, ഐ.ജി.ഓഫ് രജിസ്ട്രേഷൻ, കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട് ജില്ലാ കളക്ടർമാർ, തിരുവനന്തപുരം, ദേവികുളം, തൃശ്ശൂർ, പെരിന്തൽമണ്ണ സബ് കളക്ടർമാർ അംഗങ്ങളായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. 01/10/16 തീയതിയിൽ മറ്റ് |

ജില്ലാ കളക്ടർമാരെ കൂടി ഉൾപ്പെടുത്തി പ്രസ്തുത കമ്മിറ്റി യോഗം ചേരുകയും ടി യോഗത്തിൽ ഓരോ ജില്ലയിലെയും കോർപ്പറേഷൻ, മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്ന് വില്ലേജുകളെ തെരഞ്ഞെടുത്ത് പഠനം നടത്തി ഒരു പഠന റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രയോജനപ്രദമായ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനെ തുടർന്ന് റവന്യൂ വകുപ്പിലെയും രജിസ്ട്രേഷൻ വകുപ്പിലെയും ഉദ്യോഗസ്ഥരുമായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേരുകയും ഇക്കാര്യം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നൽകിയ ശിപാർശകളും, പരിഗണിച്ചുമാണ് ന്യായവില പുനർ നിർണ്ണയിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

PR